ALPHA INSTITUTE
OF THEOLOGY AND SCIENCE
Sandesabhavan, Thalassery, Kerala, India - 670 101

# Online Viva Model Questions

## സഭയുടെ സാമൂഹ്യദർശനങ്ങൾ

***ഒറ്റവാക്കിൽ ഉത്തരം നൽകുക***

1. സഭയുടെ പ്രബോധനങ്ങളിൽ സാമൂഹികനീതി എന്ന പ്രയോഗം ആദ്യമായി നിയമാർത്ഥത്തിൽ ഉപയോഗിച്ചതാര്?
2. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച വർഷം ഏത്?
3. വിൻസന്റ് ഡി പോൾ സൊസൈറ്റി സ്ഥാപിച്ചത് ആരുടെ നേതൃത്വത്തിലാണ്?
4. സബ്സിഡിയം എന്ന ലത്തീൻ വാക്കിന്റെ അർത്ഥമെന്ത്?
5. ജനതകളുടെ പുരോഗതി എന്ന പ്രബോധനരേഖ പുറത്തിറങ്ങിയ വർഷമേത്?
6. ‘‘ചെന്തേസിമ്മൂസ് അന്നൂസ് ’’ പ്രസിദ്ധീകരിച്ച വർഷം ഏത്?
7. ‘‘സ്വകാര്യസ്വത്ത് അധ:പതിച്ച മനുഷ്യവർഗ്ഗത്തിനിടയിൽ ക്രമവൽക്കരണത്തിനുള്ള ഒരുപാധിയാണ്’’ ആരുടെ വാക്കുകളാണിത്?
8. തന്റെ സമ്പത്ത് ദരിദ്രനുമായി പങ്കുവയ്ക്കാത്ത ധനവാനെ ഒരു കള്ളനോട് ഉപമിക്കുന്ന സഭാപിതാവാര്?
9. വെൽത്ത് ഓഫ് നേഷൻസ് എന്ന പ്രമാണിക രേഖയുടെ കർത്താവാര്?
10. സാമ്പത്തിക രംഗത്ത് സമൂല പരിവർത്തനം കൈവരിക്കാൻ ഇടതുപക്ഷ തീവ്രവാദികൾ സ്വീകരിച്ച മാർഗ്ഗമേത്?
11. 1849 -ൽ ജർമ്മനിയിൽ ഒരു തൊഴിലാളി സംഘടന സ്ഥാപിച്ച വൈദികനാര്?
12. ‘‘ലോകത്തിൽ സമാധാനം എന്ന പ്രബോധനരേഖ’’ പുറത്തിറങ്ങിയ വർഷമേത്?
13. വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ നാം ക്രൂരരാവരുത്. മൃഗങ്ങൾ അവയ്ക്കുള്ളവയെല്ലാം പൊതുവായി കരുതുന്നു. ആരുടെ വാക്കുകൾ?
14. ‘‘ക്വാദ്രെജെസ്സിമോ അന്നോ’’ ആരുടെ ചാക്രികലേഖനമാണ്?
15. ഈശ്വര-മതവിശ്വാസങ്ങളെ തള്ളിപറയുകയും വ്യക്തിസ്വാതന്ത്രത്തിന്റെ വേരറക്കുകയും ചെയ്യുന്ന സോഷ്യലിസത്തിന്റെ പാത വഴിമുട്ടുമെന്ന് പ്രവചിച്ച ചാക്രിക ലേഖനമേത്?
16. വിൻസെന്റ് ഡിപോൾ സ്ഥാപിതമായ വർഷം?
17 അനാവശ്യമായ ധനസമ്പാദനം അക്ഷന്തവ്യമായ തെറ്റാണെന്നു സമർത്ഥിക്കുന്നതാര്?
18. ഫ്രഞ്ച് വിപ്ലവത്തിന്റെ പിന്നിലുണ്ടായിരുന്ന ആദർശങ്ങളേവ?
19. ഉത്പാദന പ്രക്രിയയിലെ പ്രഥമനിമിത്തകാരണം എന്താണെന്നാണ് ക്യാപിറ്റലിസ്റ്റു സാമ്പത്തിക ചിന്തകരുടെ അഭിപ്രായം?
20. സാമൂഹികനീതി എന്ന പ്രയോഗം കത്തോലിക്കാ എഴുത്തുകാരിലേക്ക് കടത്തിക്കൊണ്ടുവന്നത് ആര്?

***3 മിനിറ്റിൽ കുറയാതെ ഉത്തരം നൽകുക***

1. സാമൂഹികനീതിയെക്കുറിച്ചുള്ള സഭാപഠനമെന്ത്? സഭ ആരുടെ പക്ഷത്താണ്?
2. സഭയുടെ ചാക്രികലേഖനങ്ങളും അവയുടെ പ്രസക്തിയും ചുരുക്കമായി പ്രതിപാദിക്കുക?
3. സ്വകാര്യസ്വത്തിനെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പഠനങ്ങൾ എന്തെല്ലാം?
4. റേരും നൊവാരും എന്ന ചാക്രികലേഖനത്തെ വിശകലനം ചെയ്യുക?